നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാലങ്ങൾ

59 [1469] ശ്രീ. ഷിബു ബേബിജോൺ:

" ജോണി നെല്ലൂർ:

" എ. എൻ. രാജൻ ബാബു:

" ഉമേഷ് ചള്ളിയിൽ:

" കെ. കെ. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പാലങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്;

(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പാലങ്ങൾ എത്രയെണ്ണമാണ്;

(സി) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പാലങ്ങൾ പുതിയതായി നിർമ്മിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഡി) ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 69 എണ്ണം.

(ബി) 85 എണ്ണം.

(സി) 234 പാലങ്ങൾ. (217+14+3)

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

നബാർഡിന്റെ സഹായത്താൽ പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ നടപടി

60 [1470] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. സി. റോഡിലെ കാലടി ശ്രീ. ശങ്കരാ പാലം, വല്ലം-പാറണംകുടി റോഡിലെ പുഞ്ചക്കുടി പാലം എന്നിവ അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലങ്ങളുടെ പുനർനിർമ്മാണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly